ഉത്തരം

(എ) എക്സൈസ് വകുപ്പിൽ സ്പെഷ്യൽ ആഫീസറുടെ ഒരു തസ്തിക 5-11-1986 വരെ നിലവിലുണ്ടായിരുന്നു. വിവിധ ഇനം തസ്തികകളിലെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുകയും അതിനോട് ബന്ധപ്പെട്ട ജോലികളും ചെയ്യുകയുമാണ് സ്പെഷ്യൽ ആഫീസറുടെ പ്രധാന ചുമതല.

(ബി) എക്സൈസ് കമ്മീഷണറും സെക്രട്ടറിയും നിർദ്ദേശിക്കുന്ന മറ്റു ചുമതലകളും കൂടി സ്പെഷ്യൽ ആഫീസർ നിർവഹിച്ചു വന്നിരുന്നു.

(സി) ഇപ്പോഴത്തെ സ്പെഷ്യൽ ആഫീസർ എക്സൈസ് വകുപ്പിൽ വരുമ്പോൾ അദ്ദേഹത്തിന്റെ പരിധിയിൽ 32 കേസുകളും ഉണ്ടായിരുന്നു.

(ഡി) 1-4-1686-ൽ അത്തരത്തിലുള്ള 189 കേസുകളും നിലവിലുണ്ട്.

(ഇ) സ്പെഷ്യൽ ആഫീസർ 1-4-1986 (സാമ്പത്തിക വർഷത്തിൽ) 2,690 രൂപ യാത്രാബത്ത ഇനത്തിൽ ചാങ്ങിയിട്ടുണ്ട്.

എക്സൈസ് ഡിപ്പാർട്ടുമെന്റിലെ ഗസറ്റഡ് ആഫീസർമാർക്കുള്ള ടെസ്റ്റ്

1356. [2030] [ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ :
,, കെ.എസ്. നാരായണൻ നമ്പൂതിരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് ഡിപ്പാർട്ടുമെന്റിലെ ഗസറ്റഡ് ഓഫീസർമാർ എം.ഒ.പി. അല്ലെങ്കിൽ ഡി.ഒ.എം. ടെസ്റ്റ് പാസാകണമെന്നുണ്ടോ ;

(ബി) എങ്കിൽ നിശ്ചിത കാലാവധിക്കുള്ളിൽ ഈ ടെസ്റ്റ് പാസാകാത്ത എത്ര ഓഫീസർമാർ ഇപ്പോഴുണ്ട് ;

(സി) എം.ഒ.പി. അല്ലെങ്കിൽ ഡി.ഒ.എം. ടെസ്റ്റ് പാസാകാത്ത ഓഫീസർമാരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അവരുടെമേൽ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഏഴു പേരുണ്ട്.

(സി), (ഡി) ഗവൺമെന്റിന്റെ പരിഗണനയിൽ ഇരിക്കുന്നു.

എക്സൈസ് ഡിപ്പാർട്ടുമെന്റിൽ ഗസറ്റഡ് ഓഫീസർമാരുടെ സ്ഥലം മാറ്റം

1357. [2031] [ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ :
,, കെ. എസ്. നാരായണൻ നമ്പൂതിരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) എക്സൈസ് ഡിപ്പാർട്ടുമെന്റിൽ ഗസറ്റഡ് ഓഫീസർമാരുടെ സ്ഥലം മാറ്റം സംബന്ധിച്ച എന്തെങ്കിലും മാർഗ്ഗനിർദ്ദേശങ്ങളുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഒരു ഗസറ്റഡ് ഓഫീസറെ ഒരു ആഫീസിൽ തുടർച്ചയായി മൂന്ന് വർഷത്തിൽ കൂടുതൽ ജോലി ചെയ്യുവാൻ അനുവദിക്കുമോ ;

(സി) മൂന്നു വർഷത്തിൽ കൂടുതൽ ഒരു ഓഫീസിൽ ജോലി ചെയ്യുന്ന എത്ര ഗസറ്റഡ് ഓഫീസർമാർ എക്സൈസ് ഡിപ്പാർട്ടുമെന്റിലുണ്ട് ;

(ഡി) മാർഗ്ഗ നിർദ്ദേശങ്ങൾ ഉണ്ടെങ്കിൽ അതനുസരിച്ച് അവരെ സ്ഥലം മാറ്റാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സാധാരണയായി അനുവദിക്കാറില്ല.

(സി) ഏഴ് വനിതാ ഗസറ്റഡ് ഓഫീസർമാരുണ്ട്.

(ഡി) വനിതകളായതുകൊണ്ട് അവരെ മൂന്നു വർഷത്തിൽ കൂടുതൽ തുടരാൻ അനുവദിച്ചിരിക്കുന്നു.

കോൺട്രാക്ടർമാർക്ക് നൽകിയ ചാരായം

1358. [2032] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ വർഷം സംസ്ഥാനത്തെ കോൺട്രാക്ടർമാർക്ക് നൽകിയ ചാരായം എത്ര ;

(ബി) അതിൽ സംസ്ഥാനത്ത് ഉൽപ്പാദിപ്പിച്ച ചാരായം എത്ര ;

(സി) ഈ വർഷം എത്ര ചാരായം വേണ്ടിവരുമെന്നാണ് കണക്ക് ;

(ഡി) അയൽ സംസ്ഥാനങ്ങളിൽ നിന്ന് ചാരായം ഇറക്കുമതി ചെയ്യാൻ പരിപാടി ഉണ്ടോ ;

(ഇ) എങ്കിൽ അതിന്റെ വിശദവിവരം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 15,138,335.4 ലിറ്റർ

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) കഴിഞ്ഞ വർഷം വാങ്ങിയതിൽ കുറയാത്ത ചാരായം വേണ്ടിവരും.

(ഡി) ഇതുവരെ ഇല്ല. എന്നാൽ സ്പിരിറ്റ് ഇറക്കുമതി ചെയ്യുന്നുണ്ട്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

പിരിഞ്ഞുകിട്ടാനുള്ള കിസ്തു തുക

1359. [2033] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ :

(എ) എക്സൈസ് വകുപ്പിൽ കിസ്തു ഇനത്തിൽ 30-9-1986 വരെ പിരിഞ്ഞുകിട്ടേണ്ട തുക എത്ര ;

LIBRARY ARCHIVES Kerala Legislative Assembly